**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5021** | **11-08-2021 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് മുൻവർഷങ്ങളിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒന്നാം വിള നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഉണ്ട്. കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ സംസ്ഥാനത്തെ നിർവ്വഹണ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയ്ക്ക് സ്വന്തമായി മില്ലുകൾ ഇല്ലാത്തതിനാൽ സംസ്ഥാനത്തെ സ്വകാര്യമില്ലുകളുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടുകൊണ്ടാണ് പ്രസ്തുത പദ്ധതി നിർവഹിച്ചു വരുന്നത്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളുമായുള്ള തർക്കം മൂലം മുൻ സീസണിലെ (2020-21 സീസൺ) നെല്ല് സംഭരണം ചെറിയ കാലയളവിൽ തടസ്സപ്പെട്ടിരുന്നു. ഈക്കാര്യത്തിൽ കർഷകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുകയും അതിനെതുടർന്ന് സംസ്ഥാന സർക്കാർ വിഷയത്തിൽ സത്വരമായി ഇടപ്പെട്ടുകൊണ്ട് സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ മുഖാന്തിരം നെല്ല് സംഭരണ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ തുടരുവാൻ വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ നെല്ല് സംഭരണ സീസൺ തീരുമാനിക്കുന്നത് കേന്ദ്രസർക്കാർ ആയതിനാൽ കേന്ദ്ര നിർദേശാനുസരണമാണ് അതാത് സീസണുകളിലെ നെല്ല് സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നത്. 2021-22 സീസണിലെ നെല്ല് സംഭരണം കേന്ദ്ര സർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുവാൻ സാധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് കർഷക രജിസ്ട്രേഷൻ നടപടികൾ ആഗസ്റ്റ് പകുതിയോടെ തുടങ്ങുവാനുള്ള നടപടികളും സംഭരണ പ്രവർത്തനങ്ങൾ സുഗമമായി തുടരുന്നതിനായി സപ്ലൈകോയും മില്ലുടമകളുമായുള്ള ചർച്ചകളും പുരോഗമിച്ചു വരുന്നു. കൂടാതെ നെല്ല് സംഭരണം കൂടുതൽ കർഷക സൗഹൃദമാക്കുന്നതിന് വേണ്ടി കർഷകർ, മില്ലുടമകൾ, ഉദ്യോഗസ്ഥർ എന്നിവരുടെ |

| | | | |
|---|---|---|---|
| | | | ജില്ല തിരിച്ചുള്ള യോഗങ്ങൾ സംഘടിപ്പിക്കും.<br>പാലക്കാട് ജില്ലയുടെ യോഗം 11.10.2021 ന് ചേരും. |

സെക്ഷൻ ഓഫീസർ